MESSAGE OF HIS HOLINESS POPE LEO XIV FOR THE 100TH WORLD MISSION DAY 2026 18 OCTOBER 2026

One in Christ, united in mission

Dear brothers and sisters,

For World Mission Day 2026, which marks the centenary of a celebration established by Pius XI that is very dear to the Church, I have chosen the theme "One in Christ, united in mission." Following the Jubilee Year, I wish to encourage the whole Church to continue its missionary journey with joy and zeal in the Holy Spirit. This requires hearts united in Christ, reconciled communities and, in everyone, a willingness to cooperate with generosity and trust.

As we reflect on being one in Christ and united in mission, let us allow ourselves to be guided and inspired by divine grace, "to renew in ourselves the fire of our missionary vocation" and advance together in the commitment to evangelization, in this "new missionary age" in the history of the Church (Homily, Jubilee of the Missionary World and of Migrants, 5 October 2025).

1. One in Christ - Missionary disciples united in him and with our brothers and sisters

The mystery of union with Christ lies at the heart of mission. Before his Passion, Jesus prayed to the Father, "that they may all be one. As you, Father, are in me and I am in you, may they also be in us" (in 17:21). These words reveal Jesus' deepest desire, as well as the identity of the Church as a community of his disciples. That is, a communion that flows from the Trinity, and continues to be sustained by the Trinity. A communion at the service of fraternity among all human beings and harmony with all creation.

Being a Christian is not primarily about practices or ideas; it is a life in union with Christ, in which we share in his filial relationship with the Father in the Holy Spirit. It means abiding in Christ, like branches on the vine (cf. Jn 15:4), immersed in the life of the Trinity. This union gives rise to mutual communion among believers and is the source of all missionary fruitfulness. Indeed, just as Saint John Paul II taught, "communion represents both the source and the fruit of mission" (Apostolic Exhortation Christifideles Laici, 32).

In this context, the Church's primary missionary responsibility is to renew and sustain spiritual and fraternal unity among its members. In many situations, we encounter conflicts, polarization, misunderstandings and a lack of mutual trust. When this occurs even within our communities, it undermines our witness. The evangelizing mission that Christ entrusted to his disciples requires, above all, hearts that are reconciled and eager for communion. Consequently, it is important to intensify ecumenical efforts with all Christian Churches, building upon the opportunities arising from the joint celebration of the 1700th anniversary of the Council of Nicaea.

Last but not least, being "one in Christ" calls us to keep our gaze fixed on the Lord, so that he may truly be at the center of our lives and communities, the center of every word, action and interpersonal relationship, leading us to say with amazement: "It is no longer I who live, but it is Christ who lives in me" (Gal 2:20). By constantly listening to his word and through the grace of the Sacraments, it will be possible for us to become living stones in the Church. Today, the Church is called to take up the fundamental themes of the Second Vatican Council and the subsequent Papal Magisterium, in particular that of pope Francis. In fact, as Saint Paul says, "we do not proclaim ourselves; we proclaim Jesus Christ as Lord" (2 Cor 4:5). For this reason, I reiterate the words of Saint Paul VI: "There is no true evangelization if the name, the teaching, the life, the promises, the kingdom and the mystery of Jesus of Nazareth, the Son of God are not proclaimed" (Apostolic Exhortation Evangelii Nuntiandi, 22). This process of genuine evangelization begins in the heart of every Christian in order to reach all of humanity.

Therefore, the more united we are in Christ, the better able we will be to carry out together the mission that he entrusts to us.

2. United in mission - That the world may believe in Christ the Lord

The unity of disciples is not an end in itself; it is directed towards mission. Jesus states this clearly: "So that the world may believe that you have sent me" (Jn 17:21). It is through the witness of a reconciled, fraternal and united community that the proclamation of the Gospel acquires its full communicative power.

From this perspective, it is worth recalling the motto of Blessed Paolo Manna, "The entire Church for the conversion of the whole world," which succinctly expresses the ideal that inspired the establishment of the Pontifical Missionary Union in 1916. On its 110th anniversary, I convey my gratitude and my blessing for its commitment to inspiring and forming the missionary spirit of priests, consecrated persons and lay faithful, promoting the unity of all evangelizing efforts. In fact, no baptized person is exempt from or indifferent to mission: everyone, each according to their own vocation and condition of life, participates in the great work that Christ has entrusted to his Church. As Francis repeatedly reminded us, proclaiming the Gospel is an action that is always harmonious, communal and synodal.

For this reason, unity in mission means safeguarding and nurturing the spirituality of communion and missionary cooperation. By daily fostering this attitude, divine grace gradually teaches us to see our brothers and sisters through the eyes of faith. We also learn to recognize joyfully the good that the Spirit inspires in each person, to embrace diversity as a treasure, to bear one another's burdens and always to seek the unity that comes from above. Indeed, we all share in one mission in "one Lord, one faith, one baptism, one God and Father of all, who is above all and through all and in all" (Eph 4:5-6). This spirituality constitutes the daily expression of missionary discipleship. It helps us to recover a universal vision of the Church's evangelizing mission, and to overcome a lack of coordinated efforts and the creation of factions among the followers of the one Lord —such as "I belong to Paul," "I to Apollos" (cf. 1 Cor 1:10-12).

Needless to say, missionary unity should not be understood as uniformity, but rather as the convergence of different charisms for the same purpose, namely to make Christ's love visible and to invite everyone to encounter him. Evangelization is achieved when local communities cooperate with one another and when cultural, spiritual and liturgical differences are fully and harmoniously expressed in the same faith. I therefore encourage all institutions in the Church to strengthen their sense of ec-

clesial missionary communion and to develop creative and concrete ways of cooperating with one another for and in the mission.

In this regard, I would like to thank the Pontifical Mission Societies for their service to missionary cooperation, which I experienced with gratitude during my ministry in Peru. These Societies — Propagation of the Faith, Holy Childhood, Saint Peter the Apostle, Saint Peter the Apostle and Pontifical Missionary Union — continue to nurture and form missionary awareness for the faithful of all ages, and to promote a network of prayer and charity that connects communities throughout the world. Here, it is worth noting that the founder of the Society of the Propagation of the Faith, Blessed Pauline Marie Jaricot, established the Living Rosary two hundred years ago. Even today it continues to bring together many of the faithful throughout the world to pray for every spiritual and missionary need. It is also worth remembering that, following a proposal from the Society of the Propagation of the Faith, Pius Xi established World Mission Day in 1926. The annual offerings collected on this day are distributed by the Society, on behalf of the Pope, to support the various needs of the Church's mission. The four Societies, therefore, as a whole and each in its own specificity, still play a valuable role for the entire Church. They are a living sign of unity and ecclesial missionary communion. I invite everyone to work with them in a spirit of gratitude.

3. Mission to love - Proclaiming, living and sharing God's faithful love

If unity is the condition of mission, love is its essence. The Good News that we are sent to proclaim to the world is not an abstract ideal; it is the Gospel of God's faithful love, which became flesh in the face and life of Jesus Christ.

The mission of the disciples and the Church as a whole is to continue the mission of Christ in the Holy Spirit: a mission born of love, lived in love, and leading to love. In fact, the Lord himself, in his great prayer to the Father before his Passion, after invoking unity among his disciples, concludes: "so that the love with which you have loved me may be in them, and I in them" (Jn 17:26). Impelled by the love of Christ, the Apostles

then went out to evangelize for Christ (cf. 2 Cor 5:14). In the same way, throughout the centuries, multitudes of Christians - martyrs, confessors and missionaries have given their lives to make this divine love known to the world. Thus, guided by the Holy Spirit, the Spirit of love, the Church's evangelizing mission will continue until the end of time.

I would like to express my special gratitude to today's ad gentes missionaries. Like Saint Francis Xavier, they have left their homeland, their families and all sense of security in order to proclaim the Gospel and bring Christ and his love to places that are often challenging, poor, conflict-ridden or culturally distant. Despite adversity and human limitations, they continue to give themselves joyfully, because they know that Christ himself, and his Gospel, are the greatest treasures we can offer. Through their perseverance, they demonstrate that God's love transcends all barriers. The world still needs these courageous witnesses of Christ, and ecclesial communities still need new missionary vocations. We must always keep them close to our hearts and continually pray to the Father for them. May he grant us the gift of young people and adults who are willing to leave everything behind to follow Christ on the path of evangelization even to the ends of the earth!

Filled with admiration for men and women missionaries, I make a special appeal to the whole Church to join them in the mission of evangelization through the witness of our lives in Christ, through prayer and through our contributions to the missions. As Saint Francis of Assisi said, "Love is not loved," and we look to him in a special way on the eight hundredth anniversary of his passing to heaven. Let us find inspiration in his desire to live in the love of the Lord and to transmit it to those both near and far, because, as he said, "this love Who hath loved us much is much to be loved" (Saint Bonaventure of Bagnoregio, The Life of Saint Francis, chap. IX, 1; Fonti Francescane, 1161). Let us also draw inspiration from the zeal of Saint Thérèse of the Child Jesus, who declared that she would continue her mission even after death: "I shall desire in heaven the same thing as I do now on earth: to love Jesus and to make him loved" (Letter 220 to l'Abbé Bellière, 24 February 1897).

Inspired by these testimonies, let us all commit to contributing

to the great mission of evangelization- which is always a work of love-according to our own vocation and the gifts we have received. Your prayers and practical support, particularly on World Mission Day, will be a great help in bringing the Gospel of God's love to everyone, especially the poorest and those most in need. Every gift, no matter how small, becomes a meaningful act of missionary communion. I renew my heartfelt gratitude "for everything you will do to help me help missionaries throughout the world" (Video Message for World Mission Day 2025, 19 October 2025). To foster spiritual communion, I give you my blessing with this simple prayer:

Holy Father, make us one in Christ, rooted in his love that unites and renews. May all members of the Church be united in mission, docile to the Holy Spirit, courageous in bearing witness to the Gospel, proclaiming and daily embodying your faithful love for all creatures.

Bless all missionary men and women, support them in their efforts, and watch over them in hope!

Mary, Queen of Missions, accompany our work of evangelization in every corner of the earth: make us instruments of peace, and grant that the whole world may recognize in Christ the light that saves. Amen.

From the Vatican, 25 January 2026, Third Sunday in Ordinary Time, Feast of the Conversion of Saint Paul

LEO PP. XIV

THE SYRO- MALANKARA CATHOLIC CHURCH

MORAN MOR BASELIOS CARDINAL CLEEMIS
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot. No. CL Pr. 1/2026

05.10.2026

സർക്കുലർ

ഉപവി-നീതി വർഷം

2026 സെപ്റ്റംബർ 20 – 2027 സെപ്റ്റംബർ 19

വന്ദ്യ വികാരി ജനറാൾ അച്ചന്മാരേ, പെരിയ ബഹു. ജില്ലാവികാരി അച്ചന്മാരേ, ബഹു. വൈദികരേ,

നമ്മുടെ കർത്താവിന്റെ സമാധാനം!

2030ൽ നടക്കുന്ന പുനരൈക്യ ശതാബ്ദിയിലേക്കുള്ള നമ്മുടെ സഭയുടെ ആത്മീയവും അജപാലനപരവുമായ ഒരുക്കത്തിന്റെ ഭാഗമായി 2026 സെപ്റ്റംബർ 20 മുതൽ 2027 സെപ്റ്റംബർ 19 വരെ ഉപവി-നീതി വർഷമായി നമ്മൾ ആചരിക്കുകയാണല്ലോ. നമ്മുടെ വിശ്വാസവും ആത്മീയതയും, ആരാധനയിലും വാക്കുകളിലും നിറച്ച് അനുഭവമായി മറ്റുള്ളവരുടെ ജീവിതത്തിൽ സ്നേഹവും കരുതലുമായി എത്തിക്കുന്നതിനുള്ള ദൈവികമായ ഒരു സന്ദർഭമാണ് നമുക്ക് കൈവന്നിരിക്കുന്നത്. വാക്കിനപ്പുറത്തേക്ക് പ്രവർത്തിയിലെത്തുന്ന ഒരു ചൈതന്യം നമ്മിലേക്ക് ഒഴുകട്ടെ! വ്യക്തികൾ, കുടുംബങ്ങൾ, ശുശ്രൂഷാ വേദികൾ, ഇടവക എന്നീ തലങ്ങളിൽ ഈ കരുതൽ നമ്മുടെ ആത്മീയതയുടെ പ്രകാശനമായിത്തീരേണ്ടതുണ്ട്. ഇടവക സമൂഹം എന്ന നിലയിൽ നമ്മുടെ സഭയുടെ എല്ലാ ഇടവകകളുടെയും നേതൃത്വത്തിൽ, മറ്റുള്ളവരുടെ യഥാർത്ഥ ആവശ്യങ്ങൾ മനസിലാക്കി താഴെപറയുന്ന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണമെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. മേജർ അതിഭദ്രാസന/അതിഭദ്രാസന/ഭദ്രാസന/അപ്പസ്തോലിക വിസിറ്റേഷൻ റീജിയൺ എന്നീ തലങ്ങളിൽ ഓരോ കോർഡിനേറ്റർമാരെ അതാത് ഭദ്രാസനാധ്യക്ഷന്മാർ നിയമിക്കുന്നതാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അതാത് ഭദ്രാസനങ്ങളിലെ/വൈദിക ജില്ലകളിലെ കർമപരിപാടികൾ സമയബന്ധിതമായി നടപ്പാക്കേണ്ടതാണ്.

ഇടവകതലത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ

a. ബോധവൽക്കരണ ക്ലാസുകൾ

ഉപവി-നീതി വർഷാചരണത്തോടനുബന്ധിച്ച് ക്രമീകരിച്ചിരിക്കുന്ന ബോധവൽക്കരണ ക്ലാസുകൾ ഇടവക തലത്തിൽ എല്ലാ ഇടവകാംഗങ്ങളുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് സംഘടിപ്പിക്കേണ്ടതാണ്. അതോടൊപ്പം, MCYM, MCMF, MCA എന്നീ സഭാതല പ്രേഷിത വേദികളിലെയും സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയിലെയും അംഗങ്ങൾക്ക് പ്രത്യേകം ബോധവൽക്കരണ ക്ലാസുകൾ ഇടവകതലത്തിൽ സംഘടിപ്പിക്കുന്നതിനും, ബന്ധപ്പെട്ട സംഘടനകളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണം.

ജില്ലാതലത്തിൽ ഉപവി-നീതി വർഷാചരണത്തോടനുബന്ധിച്ച് ക്രമീകരിക്കുന്ന പരിശീലന പരിപാടികളിൽ ഇടവക പ്രതിനിധികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ബഹു. അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണം.

b. ഇടവകതല സാമൂഹിക സർവ്വേയും ജീവകാരുണ്യ ശുശ്രൂഷയും

സഹായം ആവശ്യമുള്ള വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തുന്നതിനായി ഓരോ ഇടവകയും സാമൂഹിക സർവ്വേ നടത്തണം. ഭവനരഹിതർ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ, കിടപ്പുരോഗികൾ, ദീർഘകാല രോഗികൾ, ഒറ്റയ്ക്കു കഴിയുന്ന വയോജനങ്ങൾ, മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികൾ, വിദ്യാഭ്യാസ സഹായം ആവശ്യമുള്ളവർ, തൊഴിൽരഹിതരായ യുവജനങ്ങൾ എന്നിവർക്കു പ്രത്യേക ശ്രദ്ധ നൽകുക. ഓരോ ഇടവകയും തങ്ങളുടെ ഇടവകയിൽ സർവ്വേ നടത്തണം. സർവ്വേ റിപ്പോർട്ടിന്റെ കോപ്പി ജില്ലാതലത്തിലും ഭദ്രാസനകേന്ദ്രത്തിലും എത്തിക്കേണ്ടതാണ്.

c. മലങ്കര ഗുഡ് സമരിറ്റൻ ടീം (MGST)

ഓരോ ഇടവകയിലും മലങ്കര ഗുഡ് സമരിറ്റൻ ടീം (Malankara Good Samaritan Team – MGST) രൂപീകരിച്ച് ഇടവകയിലെ ഉപവി- നീതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. ബഹു. ഇടവക വികാരി (കൺവീനർ), ഇടവക ട്രസ്റ്റി, സെക്രട്ടറി, പൊതുയോഗം തെരഞ്ഞെടുക്കുന്ന മൂന്ന് പ്രതിനിധികൾ (അതിൽ ഒരാളെങ്കിലും വനിത ആയിരിക്കണം),

ഇടവകയിലെ MCYM, MCMF, MCA പ്രസിഡന്റുമാർ, വിൻസെന്റ് ഡി പോൾ ഇടവകയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ, അതിന്റെ പ്രസിഡന്റ് എന്നിവരടങ്ങുന്നതായിരിക്കും മലങ്കര ഗുഡ് സമരിറ്റൻ ഇടവക പ്രവർത്തക സമിതി (Good Samiratan Working Committee). പ്രവർത്തക സമിതിയിൽ നിന്നും സമിതി അംഗങ്ങൾ സെക്രട്ടറി, ട്രഷറർ എന്നിവരെ തെരഞ്ഞെടുക്കേണ്ടതാണ്.

ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന തുക MGST എന്ന പ്രത്യേക ഹെഡിൽ ഇടവകയുടെ പൊതു ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും, വരവ്-ചെലവ് കണക്കുകൾ പ്രത്യേകം രേഖപ്പെടുത്തി സുതാര്യമായി സൂക്ഷിക്കുകയും വേണം. സഹായം ആവശ്യമുള്ളവരെ കണ്ടെത്തി അനുഗമിക്കുക, രോഗികളെയും വയോജനങ്ങളെയും ഭിന്നശേഷിക്കാരെയും ഒറ്റയ്ക്കു കഴിയുന്നവരെയും സന്ദർശിക്കുക, ഭക്ഷണം, വസ്ത്രം, ചികിത്സ, വിദ്യാഭ്യാസം, ഭവനം തുടങ്ങിയ സഹായങ്ങൾ ഏകോപിപ്പിക്കുക എന്നിവ MGSTയുടെ പ്രധാന ഉത്തരവാദിത്തമായിരിക്കും.

മലങ്കര ഗുഡ് സമരിറ്റൻ കൂട്ടായ്മയുടെ പ്രധാന പ്രവർത്തനങ്ങൾ

ഓരോ ഇടവകയും തങ്ങളുടെ സാഹചര്യങ്ങൾക്കനുസരിച്ച് താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണം:

1. **എല്ലാവർക്കും വിദ്യാഭ്യാസം**: സാമ്പത്തിക ബുദ്ധിമുട്ട് കാരണം കുട്ടികളുടെ പഠനം മുടങ്ങാതിരിക്കാൻ പഠനഫീസ്, പഠനോപകരണങ്ങൾ, ഉന്നതവിദ്യാഭ്യാസം, തൊഴിൽപരിശീലനം എന്നിവയിൽ സഹായം നൽകുക.

2. **ഭവനമില്ലാത്തവർക്ക് ഭവനം**: പുനരൈക്യ ശതാബ്ദി ആഘോഷത്തിനു മുമ്പായി നമ്മുടെ സഭയിൽ ഭവനമില്ലാത്ത എല്ലാവർക്കും സ്വന്തമായി ഒരു ഭവനം ഉണ്ടാകണമെന്നത് നമ്മുടെ ആഗ്രഹവും പദ്ധതിയുമാണ്. എല്ലാ ഇടവകകളിലും ഈ വിഷയത്തിൽ സർവ്വേ നടത്തി ക്ലിപ്തത വരുത്തേണ്ടതാണ്. ഈ സർവ്വേ ഇടവകയിലും ജില്ലാകേന്ദ്രത്തിലും സൂക്ഷിക്കേണ്ടതും ഒരു കോപ്പി ഭദ്രാസനകേന്ദ്രത്തിൽ എത്തിക്കേണ്ടതുമാണ്. സർക്കാരിന്റെയും സർക്കാരിതര ഏജൻസികളുടെയും സുമനസുകളുടെയും സഹായത്തോടെ വീടില്ലാത്തവർക്ക് വാസയോഗ്യമായ ഭവനം നൽകുന്നതിന്, ഗുഡ് സമരിറ്റൻ ടീം പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

3. **ആതുരശുശ്രൂഷയും രോഗീപരിചരണവും**: ചികിത്സയ്ക്കും മരുന്നിനും ബുദ്ധിമുട്ടുന്ന രോഗികൾക്ക് സാമ്പത്തികവും പ്രായോഗികവുമായ സഹായം നൽകുകയും ആശുപത്രികളിലും വീടുകളിലും കഴിയുന്ന രോഗികളെ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും സഭാകൂട്ടായ്മ അനുഭവം നൽകുകയും ചെയ്യണം.

4. **വിശപ്പിന് പരിഹാരം**: ഭക്ഷണത്തിന് ബുദ്ധിമുട്ടുന്ന വ്യക്തികൾക്കും കുടുംബങ്ങൾക്കും ഭക്ഷണപ്പൊതികളും ഭക്ഷ്യവസ്തുക്കളും സമയബന്ധിതമായി എത്തിക്കുക.

5. **ഭവനപരിചരണവും കിടപ്പുരോഗി സംരക്ഷണവും**: ഒറ്റപ്പെട്ട വൃദ്ധജനങ്ങളെയും കിടപ്പുരോഗികളെയും കണ്ടെത്തി ആവശ്യമായ പരിചരണവും അനുധാവനവും നൽകുക.

6. **ഭിന്നശേഷിക്കാർക്ക് പിന്തുണ:** ചികിത്സ, വിദ്യാഭ്യാസം, ഉപജീവനം, സഹായ ഉപകരണങ്ങൾ തുടങ്ങിയ മേഖലകളിൽ ആവശ്യമായ സഹായം ലഭ്യമാക്കുക.

7. **വിധവകൾക്കും വിഭാര്യർക്കും അനുധാവനം**: ആത്മീയവും മാനസികവും സാമൂഹികവുമായ പിന്തുണ നൽകുകയും പ്രാർത്ഥനാസംഗമങ്ങളിലും ഇടവകയുടെ വിവിധ ശുശ്രൂഷകളിലും അവരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുക.

d. ജീവകാരുണ്യപ്പെട്ടി (Charity Box)

ഓരോ ഇടവകയുടെയും സാഹചര്യവും ആവശ്യവുമനുസരിച്ച്, വിശ്വാസികൾക്ക് ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുവേണ്ടി ദശാംശവും സംഭാവനയും നൽകുന്നതിന് ജീവകാരുണ്യപ്പെട്ടി (Charity Box) ദൈവാലയത്തിൽ വയ്ക്കാവുന്നതാണ്. ഗുഡ് സമരിറ്റൻ പ്രവർത്തനങ്ങൾക്കു മാത്രമേ ഈ ഇനത്തിൽ കിട്ടുന്ന തുക ഉപയോഗിക്കാവൂ. ആറു മാസത്തിലൊരിക്കൽ വരവു-ചെലവ് കണക്ക് ഇടവകയിൽ പൊതുവായി അറിയിക്കേണ്ടതുമാണ്. ഇടവകയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി സാമ്പത്തിക സഹായം സ്വീകരിക്കുകയും നൽകുകയും ചെയ്യുന്ന സ്ഥിര സംവിധാനമായി ഈ ക്രമീകരണത്തെ ഭാവിയിലും പ്രയോജനപ്പെടുത്താവുന്നതാണ്. ഇടവകയ്ക്കാണ് ഇതിന്റെ ഉത്തരവാദിത്തം.

e. ഉപയോഗരഹിതമായ വീടുകൾ/സ്ഥാപനങ്ങൾ

ഇടവകാംഗങ്ങളുടെ, ഇടവകാതിർത്തിയിൽ, ഉപയോഗപ്പെടുത്താതെ കിടക്കുന്ന വീടുകളും സ്ഥാപനങ്ങളും ഉടമസ്ഥന്റെ അനുവാദത്തോടുകൂടി സമൂഹ നന്മയ്ക്ക് എങ്ങനെ പ്രയോജനപ്പെടുത്താമെന്നുള്ള ആലോചനയ്ക്കും തീരുമാനത്തിനും ഗുഡ് സമരിറ്റൻ പ്രവർത്തക സമിതി നേതൃത്വം നൽകണം.

f. വയോജന കൂട്ടായ്മ (Senior Citizen Fellowship)

ഓരോ ഇടവകയിലും വയോജനങ്ങളുടെ ആത്മീയവും സാമൂഹികവും മാനസികവുമായ ക്ഷേമം ലക്ഷ്യമാക്കി വയോജന കൂട്ടായ്മ രൂപീകരിക്കുക. വയോജനങ്ങളെ കുടുംബത്തിലും ഇടവക സമൂഹത്തിലും സജീവമായി പങ്കാളികളാക്കുകയും, അവരുടെ അനുഭവങ്ങളും കഴിവുകളും സഭയുടെ ശുശ്രൂഷയിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുക.

അതോടൊപ്പം, നമ്മുടെ പൊതു വീടായ ഭൂമിയുടെ സംരക്ഷണവും സഭയുടെ ഉത്തരവാദിത്തമാണ്. ജലസംരക്ഷണം, വൃക്ഷത്തൈ നടീൽ, മാലിന്യസംസ്കരണം, പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കൽ, ഊർജ സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഓരോ ഇടവകയും ഹരിത ഇടവകയായി മാറാൻ ശ്രമിക്കണം. ആരോഗ്യകരമായ ജീവിതശൈലി, ലഹരിവിരുദ്ധ പ്രവർത്തനം, വയോജന ഭിന്നശേഷി പരിചരണം, രക്തദാനവും അവയവദാനവും, സർക്കാർ ക്ഷേമപദ്ധതികൾ, കുടുംബ മൂല്യങ്ങൾ, സാമൂഹിക ഉത്തരവാദിത്തം തുടങ്ങിയ വിവിധ വിഷയങ്ങളിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക. ഇടവകയുടെ വസ്തുവകകൾ ഗുണപരമായി ഉപയോഗിക്കുന്നതിനും കൃഷി ചെയ്യുന്നതിനും വൃത്തിയായി സൂക്ഷിക്കുന്നതിനും ഇടവക കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

ഉപസംഹാരം


ഉപവി-നീതി വർഷം എന്നത് കേവലം ക്ഷേമ പ്രവർത്തനങ്ങളുടെ ആവിഷ്കാരം എന്നതിനപ്പുറത്ത് വിശ്വാസം സ്നേഹവും നീതിയുമായി വളരുന്ന ആത്മീയതയായി ഏവരും സ്വീകരിക്കണം. നമ്മുടെ എല്ലാ കുടുംബങ്ങളും ഇടവകകളും യേശു കർത്താവിന്റെ കരുണയുടെയും കരുതലിന്റെയും നീതിബോധത്തിന്റെയും സാക്ഷ്യമാകട്ടെ! ഈ മാർഗരേഖ അനുസരിച്ച് ഓരോ ഇടവകയും തങ്ങളുടെ സാഹ

ചര്യങ്ങൾക്കനുസരിച്ച് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ നിങ്ങളെ ഏവരെയും ഞാൻ ഓർമ്മപ്പെടുത്തുന്നു. "നീയും പോയി അതുപോലെ ചെയ്യുക" (ലൂക്കാ 10:37) എന്ന കർതൃവചനം ജീവിതത്തിൽ സാക്ഷാത്കരിച്ച്, പുനരൈക്യ ശതാബ്ദി ഒരുക്കത്തിന്റെ ഈ രൂപീകരണ വേളയിൽ സ്നേഹത്തിലും നീതിയിലും സേവനത്തിലും വളരുന്ന അപ്പസ്തോലിക സഭയായി നമുക്ക് മുന്നേറാം. ഉപവി-നീതി വർഷാചരണത്തിന്റെ കൂടുതൽ നിർദേശങ്ങൾ ആവശ്യമായി വരുന്നതനുസരിച്ച് കാതോലിക്കേറ്റ് കേന്ദ്രത്തിൽനിന്നും അഭിവന്ദ്യ ഡോ. ആന്റണി മാർ സിൽവാനോസ് എപ്പിസ്കോപ്പാ നൽകുന്നതായിരിക്കും.

എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,



✠ **ബസേലിയോസ് കർദിനാൾ ക്ലീമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്.

N.B: ഈ സർക്കുലർ ബഹു. വൈദികർക്കുള്ള പൊതുവായ അറിയിപ്പാണ്. ഇതിലെ പ്രസക്തകാര്യങ്ങൾ ദൈവജനത്തെ അറിയിക്കേണ്ടതാണ്.

അമലഗിരി വാർത്തകൾ

വാർഷിക ധ്യാനം

മാവേലിക്കര ഭദ്രാസനത്തിലെ ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം 2026 നവംബർ 9 തിങ്കളാഴ്ച വൈകിട്ട് 4 മണി മുതൽ നവംബർ 13 വെള്ളിയാഴ്ച വരെ പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിട്യൂട്ടിൽ വച്ച് നടത്തപ്പെടുന്നു. തലശ്ശേരി രൂപ താംഗവും സിറോ മലബാർ സഭയുടെ പി.ആർ.ഓയുമായ റവ. ഡോ. ടോം ഓലിക്കരോട്ടാണ് ധ്യാനം നയിക്കുന്നത്. ബഹു. അച്ചന്മാർ വി. കുർബാന ഡയറി കൊണ്ടുവരേണ്ടതാണ്

ഉപവി നീതി വർഷം ഡയറക്ടർ

ഉപവി നീതി വർഷത്തിന്റെ ഭദ്രാസന ഡയറക്ടറായി വെരി റവ. ഫാ. റോബർട്ട് പാലവിളയെ നിയമിച്ചിരിക്കുന്നു.

ഉപവി നീതി വർഷ പരിശീലനം

ഭദ്രാസനത്തിലെ വൈദികർക്കായി ഉപവി നീതി വർഷത്തിന്റെ പരിശീലനം 2026 നവംബർ 13 വെള്ളിയാഴ്ച ഉച്ചയ്ക്ക് 2:00 മുതൽ 4:00 വരെ പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്നു.

ADDRESS CHANGE

1. Name : Fr.Kochukaleeckal Varghese
   Address : Pontificium Collegium Lateranense San Giovanni XXIII,
   Viale Alessandrino, 675, 00172 Roma (Rome), Italy
   Mobile No : +39 392 907 9160

2. Name: Fr. Chenkileth Mathew
   Address : San Giovanni Damasceno, Via di Boccea 480,
   00166 Roma, Italy
   Mobile No : +393920312303

മാർ ഈവാനിയോസ് മൈനർ സെമിനാരി

വാർഷിക ധ്യാനം

മാർ ഈവാനിയോസ് മൈനർ സെമിനാരിയുടെ വാർഷിക ധ്യാനം ഒക്ടോബർ 17-ന് വൈകുന്നേരം പ്രാർത്ഥനയോടെ ആരംഭിച്ചു. ബഹു. ഡോ. മേരി ദാസ് ഒ.സി.ഡി. അച്ചൻ ധ്യാനം നയിച്ചു. ആത്മീയ നവീകരണത്തിനും ദൈവാനുഭവത്തിനുമായി വിദ്യാർത്ഥികൾക്ക് വേണ്ടി പ്രത്യേകം ഒരുക്കിയ ധ്യാനദിനങ്ങൾ ഒക്ടോബർ 21-ാം തീയതി വൈകുന്നേരം വിശുദ്ധ കുർബാനയോടുകൂടി അവസാനിച്ചു.

ജപമാലമാസാചരണം

പരിശുദ്ധ ദൈവമാതാവിന്റെ ജപമാലമാസത്തോട് അനുബന്ധിച്ച് എല്ലാ ദിവസവും ജപമാല പ്രാർത്ഥന നടത്തിവരുന്നു.

പ്രബോധന

1. നവംബർ മാസം പതിനാലാം തീയതി കറ്റാനം പോപ്പ് പയസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് ഭദ്രാസനതല സർഗോത്സവം നടക്കുന്നു. രാവിലെ ഒൻപതു മണിക്ക് രജിസ്ട്രേഷനോടുകൂടി മത്സരം ആരംഭിക്കുന്നതാണ്.
2. സൺഡേ സ്കൂളിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ മാസം 25-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും വെച്ച് നടത്തപ്പെട്ടു.
3. 2026 നവംബർ 1 മുതൽ സൺഡേ സ്കൂൾ രണ്ടാം സെമസ്റ്റർ ക്ലാസുകൾ ആരംഭിക്കുന്നതാണ്.

എം.സി.വൈ.എം.

താലന്തോൺ ക്വിസ് മത്സരം

എം. സി. വൈ. എം മാവേലിക്കര ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ താലന്തോൺ ഓൺലൈൻ ക്വിസ് 2026 ഒക്ടോബർ 18 ന് നടത്തപ്പെട്ടു. ഭദ്രാസനത്തിലെ വിവിധ യൂണിറ്റുകളിൽ നിന്നും യുവജനങ്ങൾ പങ്കെടുത്ത ക്വിസ് മത്സരത്തിൽ പുത്തൂർ വൈദിക ജില്ലയിലെ പുത്തൂർ യൂണിറ്റ് അംഗം ലിബിൻ ബാബു ഒന്നാം സ്ഥാനവും പുത്തൂർ വൈദിക ജില്ലയിലെ പുത്തൂർ യൂണിറ്റ് അംഗം ലിജിൻ ബാബു രണ്ടാം സ്ഥാനവും കറ്റാനം വൈദിക ജില്ലയിലെ കരിമുളയ്ക്കൽ യൂണിറ്റ് അംഗം ലെന മേരി സാം മൂന്നാം സ്ഥാനവും കരസ്ഥമാക്കി..

വിജയികൾക്ക് അഭിനന്ദനങ്ങൾ..

കെ.സി.എസ്.എൽ.

കെ.സി.എസ്.ലിന്റെ സംസ്ഥാനതല രചനാ മത്സരം ഒക്ടോബർ 10-ന് കല്ലുമല മാർ ഈവാനിയോസ് കോളേജിൽ വെച്ച് നടത്തപ്പെട്ടു.

നൂറ്റമ്പതോളം കുട്ടികൾ വിവിധ രൂപതകളിൽ നിന്നായി പങ്കെടുത്തു. (മാവേലിക്കര, പത്തനംതിട്ട, കൊല്ലം)

2. ജപമാല മാസത്തോടനുബന്ധിച്ച് KCSL ന്റെ ആഭിമുഖ്യത്തിൽ മാവേലിക്കര രൂപതയിലെ വിവിധ സ്കൂളുകളിൽ ജപമാല റാലി സംഘടിപ്പിച്ചു

സുവിശേഷ സംഘം

മാവേലിക്കര ഭദ്രാസനത്തിലെ സുവിശേഷ സംഘത്തിന്റെ, കറ്റാനം വൈദിക ജില്ലയുടെ പരിശീലന ക്ലാസ് കരിമുളയ്ക്കൽ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. പരിശീലന ക്ലാസിന് ബഹുമാനപ്പെട്ട ബെനഡിക്ട് മൂഴിക്കര ഒ.ഐ.സി അച്ചനും ബഹുമാനപ്പെട്ട ഡോ.ജോളി കരിമ്പിൽ അച്ചനും നേതൃത്വം നൽകി. സിസ്റ്റർ കീർത്തന എസ്.ഐ.സി ശുശ്രൂഷകളിൽ സജീവമായി പങ്കുചേർന്നു.

കരിമുളയ്ക്കൽ ദൈവാലയത്തിന്റെ വികാരി ബഹുമാനപ്പെട്ട വർഗീസ് കുന്നത്തേത്ത് അച്ചനോടും, ഇടവകാംഗങ്ങളോടും, വന്നുചേർന്ന എല്ലാവർക്കും നന്ദി അറിയിക്കുന്നു.

ഫാ.മാത്യു വലിയപറമ്പിൽ

എം.സി.എ.

ഗ്രിഗോറിയോസ് പിതാവിന്റെ അനുസ്മരണവും ലഹരി വിരുദ്ധ ക്യാമ്പയിൻ ഉദ്ഘാടനവും വിവിധ ധനസഹായ വിതരണവും

എം.സി.എ. മാവേലിക്കര ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ അനുസ്മരണവും, ഭദ്രാസന സമിതി നടത്തിവരുന്ന ലഹരി വിരുദ്ധ ക്യാമ്പയിന്റെ രണ്ടാംഘട്ടമായ "Say No To Drug" പ്രോജക്റ്റിന്റെ ഉദ്ഘാടനവും , ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണവും, ഭവന നിർമ്മാണ ധനസഹായ വിതരണവും, ദൈവാലയ നിർമ്മാണ ധനസഹായ വിതരണവും കറ്റാനം സെന്റ് സ്റ്റീഫൻസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ വച്ച് നടത്തപ്പെട്ടു .

സമ്മേളനം കേരള സംസ്ഥാന ആഭ്യന്തര വിജിലൻസ് വകുപ്പ് മന്ത്രി ശ്രീ. രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു.

അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ദർശനങ്ങൾ മുഴുവൻ ജനങ്ങൾക്കും പ്രചോദനമാണെന്നും, സമൂഹത്തെയാകെ ബാധിക്കുന്ന ലഹരി എന്ന വിപത്തിനെതിരെ സർക്കാരി നോടൊപ്പം എല്ലാവരും ഒന്നിച്ചു പ്രവർത്തിക്കണമെന്നും ശ്രീ രമേശ് ചെന്നിത്തല പറഞ്ഞു.

ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണം, ഭവന നിർമ്മാണ ധനസഹായ വിതരണം, ദൈവാലയ നിർമ്മാണ ധനസഹായ വിത രണം, എന്നിവയും ശ്രീ.രമേശ് ചെന്നിത്തല നിർവഹിച്ചു

ഗ്രിഗോറിയോസ് പിതാവിന്റെ അനുസ്മരണ പ്രഭാഷണവും ഭദ്രാസന വികാരി ജനറൽ മോൺ. ജോബ് കല്ലുവിളയിൽ നടത്തി.

എം.സി.എ. മാവേലിക്കര ഭദ്രാസനത്തിലെ മുൻ വൈദിക ഉപ ദേഷ്ടാക്കളായ റവ. ഫാ. ഗീവർഗീസ് ചരുവിള, റവ. ഫാ. മാത്യൂസ് കുഴിവിള, റവ. ഫാ.ജോർജ് വർഗീസ് കൊളഞ്ഞിക്കൊമ്പിൽ, റവ. ഫാ.റോബർട്ട് പാലവിളയിൽ എന്നിവരെയും, AICU കേരള ഘടകം പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ കെ. ബാബു അമ്പലത്തും കാലയെയും മാവേലിക്കര ഭദ്രാസന സമിതി ആദരിച്ചു.

MCA മാവേലിക്കര ഭദ്രാസനം നടത്തിവരുന്ന 'ഗ്രിഗോറിയൻ ചാരിറ്റി'യുടെ റിപ്പോർട്ട് കൺവീനർ ഡോ. ഷാജി എം. സ്റ്റാൻലി അവതരിപ്പിച്ചു. ഒൻപതു ലക്ഷത്തി മുപ്പതിനായിരം രൂപ അർഹതപ്പെട്ട കുടുംബങ്ങൾക്ക് മാവേലിക്കര ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ഈ കാലയളവിൽ വിതരണം നടത്തി.

റവ. ഫാ. ജോർജ്ജ് കോട്ടപ്പുറം, റവ. ഫാ. ജോർജ് വർഗീസ് കൊ ളഞ്ഞിക്കൊമ്പിൽ , സഭാതല പ്രസിഡന്റ് ഡോ. എസ്. ആർ ബൈജു, സഭാതല സെക്രട്ടറി ശ്രീമതി ബെറ്റ്സി, ഭദ്രാസന പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി രഞ്ജൻ ജോർജ്, എം.സി.എ. ഭാരവാഹി കളായ ബിനു കെ. സാമുവേൽ, സിജു റോയ്, അലക്സ് മരുതമൺ പള്ളി, എലിസബത്ത് നൈനാൻ, നിഷ ആനി ജോൺ, കുര്യൻ ചാക്കോ കോട്ടപ്പുറം, ജെയിംസ് ജോൺ, കുഞ്ഞമ്മ ദാസ്, ജോൺസൺ കല്ലുമല, ജോർജുകുട്ടി പുത്തൂർ, ഡോ. ജോൺ റ്റി. എബ്രഹാം, ഷാരോൺ ശാമുവേൽ എന്നിവർ സംസാരിച്ചു.

ഭദ്രാസന ജനറൽ സെക്രട്ടറി വില്യംസ് മത്തായി സ്വാഗതവും ഭദ്രാസന ട്രഷറർ കോശി പാറത്തുണ്ടിൽ നന്ദിയും അറിയിച്ചു.

ഭദ്രാസന പ്രസിഡന്റ് അഡ്വ : അനിൽ ബാബു അദ്ധ്യക്ഷത വഹിച്ചു.

ചേതന

ചേതന എഫ് എം 90.8 വ്യത്യസ്തതരം പ്രോഗ്രാമുകളിലൂടെ കടന്നുപോയ മാസമാണ് ഒക്ടോബർ. മണ്ണറിവ് നല്ലറിവ് ഒക്ടോബർ 2 ഗാന്ധിജയന്തി സ്പെഷ്യൽ പ്രോഗ്രാമിൽ ആകാശവാണി മുൻ പ്രോഗ്രാം എക്സിക്യൂട്ടീവ് ശ്രീ മുരളീധരൻ തഴക്കരക്കൊപ്പം ജില്ലാ പഞ്ചായത്ത് മെമ്പർ ജോൺ തോമസ് പങ്കെടുത്തു. ഒപ്പം ആലപ്പുഴ ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ. രഘു പ്രസാദ്,ലോക ഭക്ഷ്യ ദിനത്തോടനുബന്ധിച്ച് കർഷക അവാർഡ് ജേതാവ് സുരേഷ് കുമാർ കളർകോട്,ചെന്നിത്തല സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ഐപ്പ് ചാണ്ടപിള്ള എന്നിവരും പങ്കെടുത്തു.ചേതന എഫ്. എം 90.8 ൽ പ്രക്ഷേപണം നടത്തുന്ന പിങ്ക് ഡയറീസ് എന്ന പരിപാടിയിൽ ഫിറ്റ്നസ് ട്രെയിനറും സാമൂഹ്യ പ്രവർത്തകയുമായ ഡോ. സീന മുരുകൻ പങ്കെടുത്തു. ഫെയ്സ് ടു ഫെയ്സ് എന്ന റേഡിയോ പ്രോഗ്രാമിൽ കെപിഎസ് സി കലാകാരൻ ശ്രീ പി കലേഷൻ, സിംഗറും എഴുത്തുകാരനും ഡയറക്ടറുമായ സദ്ദാം ഹുസൈനും പങ്കെടുക്കുകയും റേഡിയോ വഴി പ്രക്ഷേപണം ചെയ്യുകയും ചെയ്തു. കൂടാതെ തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 11 മണി മുതൽ 1 മണി വരെ പ്രക്ഷേപണം ചെയ്യുന്ന മിഡ് ഡേ വൈബ്സ് എന്ന ലൈവ് പ്രോഗ്രാമിൽ വള്ളിക്കാവ് അമൃത ആയുർവേദ മെഡിക്കൽ കോളേജിലെ സംഹിത സിദ്ധാന്ത ഡിപ്പാർട്മെന്റിലെ ഹെഡും പ്രൊഫസറുമായ ഡോ. ലീന. പി. നായർ ആയുർവേദ സംബന്ധമായ സംശയങ്ങളെക്കുറിച്ച് ശ്രോതാക്കളോട് സംസാരിക്കുന്നതിനായി പങ്കെടുത്തു.ഒക്ടോബർ 10 വേൾഡ് മെന്റൽ ഹെൽത്ത് ഡേയുമായി ബന്ധപ്പെട്ട് നടത്തിയ പ്രത്യേക അഭിമുഖ പരിപാടിയിൽ ഓച്ചിറ സ്റ്റാർ ഹോസ്പിറ്റൽ കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ് ഡോ. ഫെമിദ പങ്കെടുത്തു.

ഒക്ടോബർ 1 ലോക വയോജന ദിനത്തോടനുബന്ധിച്ച് ചേതന എഫ് എം മുതുകുളം ഗാന്ധിഭവൻ സന്ദർശിക്കുകയും അവിടെയുള്ളവരെ അനുമോദിക്കുകയും ചെയ്തു. ഒപ്പം അന്ന് നടന്ന ഗാന്ധിഭവൻ ഇലക്ഷനു ചേതന എഫ് എം സജീവ സാന്നിധ്യമാവുകയും സോഷ്യൽ മീഡിയ വഴി പങ്കുവെക്കുകയും ചെയ്തു.ഒരു സംസ്കാരത്തിന്റെ ഭാഗമായ ആറന്മുള വള്ളസദ്യയിൽ ചേതന എഫ് എം പങ്കെടുക്കുകയും സോഷ്യൽ മീഡിയ വഴി പ്രക്ഷേപണം ചെയ്യുകയും ചെയ്തു.കായംകുളത്ത് പുതിയതായി പ്രവർത്തനമാരംഭിച്ച പീടിക എന്ന ഫാൻസി ഷോപ്പിന്റെ ഉദ്ഘാടനത്തിന് ചേതന എഫ് എം പങ്കെടുക്കയും സോഷ്യൽ മീഡിയ വഴി പ്രക്ഷേപണം ചെയ്യുകയും ചെയ്തു. കൂടാതെ എം. എസ്. എം സ്കൂളിൽ വെച്ച് നടന്ന ഓപ്പറേഷൻ തൂഫാൻ പരിപാടിയിലും ചേതന എഫ് എം പങ്കെടുത്തു. സെന്റ് മേരീസ് ബഥനി പബ്ലിക് സ്കൂളിലെ കൗമാര കലോത്സവത്തിൽ ചേതന എഫ് എം പങ്കെടുത്തു.ഒപ്പം സഹോദയ കലോത്സവത്തിന് ഭരത നാട്യത്തിനു ഫസ്റ്റ് പ്രൈസ് കിട്ടിയ അശ്വികയുടെ ബൈറ്റ് എടുക്കുകയും സോഷ്യൽ മീഡിയ വഴി പങ്കുവെക്കുകയും ചെയ്തു.തേന്മാവിൻ കൊമ്പത്ത് സിനിമയുടെ റീ റിലീസുമായി ബന്ധപ്പെട്ട് സിനിമക്കുള്ളിലെ അറിയാക്കഥകൾ പങ്കുവെച്ചു കൊണ്ടുള്ള വീഡിയോ ചേതന എഫ് എം 90.8 ന്റെ സോഷ്യൽ മീഡിയ പേജിൽ പങ്കുവെച്ചു. കടകളിൽ നിന്ന് വാങ്ങുന്ന നിത്യോപയോഗ വസ്തുക്കളിൽ ഫേക്ക് ആയിട്ടുള്ളവയെ തിരിച്ചറിയുന്നതിനു വേണ്ടിയുള്ള പ്രത്യേക ഇൻഫർമേഷൻ വീഡിയോ, പബ്ലിക് ട്രാൻസ്പോർട്ട് ഉപയോഗിക്കുമ്പോൾ മറ്റുള്ളവർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന തരത്തിൽ ശബ്ദം ഉണ്ടാക്കുകയോ വീഡിയോ കാണുകയോ ചെയ്താൽ ഉണ്ടാകുന്ന പ്രത്യാഘാതത്തെക്കുറിച്ചുള്ള വീഡിയോ എന്നിവയും സോഷ്യൽ മീഡിയ വഴി പങ്കുവെച്ചു. കൂടാതെ പോലീസിന്റെയോ മോട്ടോർ വെഹിക്കിൾസിന്റെയോ 'ചെല്ലാൻ' 2026 മാർച്ച് 31 നോ അല്ലെങ്കിൽ അതിനുമുൻപോ കിട്ടിയിട്ടുണ്ടെങ്കിൽ 50% പിഴത്തുകയിൽ ഇളവ് ലഭിക്കാനുള്ള ഉത്തരവിനെക്കുറിച്ച് ആറ്റിങ്ങൽ ആർ ടി ഒ ശ്രീ ദിലു എ.കെ സംസാരിക്കുകയും ചേതന എഫ് എം സോഷ്യൽ മീഡിയ വഴി പ്രക്ഷേപണം ചെയ്യുകയും ചെയ്തു.

എം.സി.എം.എഫ്. ഫാമിലി അപ്പോസ്റ്റോലേറ്റ്

മാവേലിക്കര വൈദീക ജില്ലയുടെ എം.സി.എം.എഫ്. ഡയറക്ടറായി ബഹുമാനപ്പെട്ട ജോസ് കോട്ടയ്ക്കകത്ത് അച്ചൻ ചുമതല ഏറ്റെടുത്തു.കഴിഞ്ഞ കാലയളവിൽ മാവേലിക്കര വൈദിക ജില്ലയെ നയിച്ച ബഹുമാനപ്പെട്ട തോമസ് ശങ്കരത്തിൽ അച്ചന് ഹൃദയപൂർവ്വം നന്ദി അർപ്പിക്കുന്നു. ബഹു. ജോസ് അച്ചന് സ്വാഗതം.

ചെങ്ങന്നൂർ വൈദീക ജില്ലയുടെ എം.സി.എം.എഫ്. ഡയറക്ടറായി ബഹു. ജോൺ അയണുവേലിൽ അച്ചൻ ചുമതല ഏറ്റെടുത്തു. കഴിഞ്ഞ കാലയളവിൽ ചെങ്ങന്നൂർ വൈദിക ജില്ലയെ നയിച്ച ബഹു മാനപ്പെട്ട ജിബിൻ കുര്യാക്കോസ് അച്ചന് ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. ബഹു. ജോൺ അയണുവേലിൽ അച്ചന് സ്വാഗതം.

ജപമാല റാലി

മാവേലിക്കര ഭദ്രാസന മലങ്കര കാത്തലിക് മദേഴ്സ് ഫോറത്തിന്റെ (MCMF) നേതൃത്വത്തിലും മാവേലിക്കര വൈദിക ജില്ലയുടെ ആതിഥേയത്വത്തിലും ജപമാല പ്രദക്ഷിണം സംഘടിപ്പിച്ചു. ഒക്ടോബർ 18 ഞായറാഴ്ച ഉച്ചയ്ക്ക് 3 മണിക്ക് കല്ലുമല സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ നിന്ന് ആരംഭിച്ച പ്രദക്ഷിണം മാവേലിക്കര വൈദിക ജില്ലാ വികാരി ബഹു. റോബർട്ട് പാലവിളയിൽ അച്ചൻ ആശീർവാദ പ്രാർത്ഥനയും സന്ദേശവും നൽകി ഉദ്ഘാടനം ചെയ്തു.

മാവേലിക്കര വൈദിക ജില്ലാ MCMF ഡയറക്ടർ ബഹു. ജോസ് കോട്ടയ്ക്കകത്ത് അച്ചൻ, ആനിമേറ്റർ സി. അൽഫോൻസാ മരിയ OSS, ജില്ലാ പ്രസിഡന്റ് ശ്രീമതി സിജു റോയി എന്നിവരും ജില്ലാ ഭാരവാഹികളും പ്രദക്ഷിണത്തിന് നേതൃത്വം നൽകി.

മാവേലിക്കര ഭദ്രാസന വികാരി ജനറാൾ മോൺ. ജോബ് കല്ലുവിളയിൽ, ബഹു. ജോൺ വൈപ്പിൽ അച്ചൻ, വിവിധ ജില്ലാ ഡയറക്ടർമാർ, ഭദ്രാസന ആനിമേറ്റർ സി. റോസ്മി SCV, ഭദ്രാസന ഭാരവാഹി

കളുടെയും സഹകരണത്തോടെയാണ് പ്രദക്ഷിണം ക്രമീകരിച്ചത്. ആറ് വൈദിക ജില്ലകളിൽ നിന്നായി 600-ഓളം അമ്മമാരും വൈദികരും സന്യാസിനിമാരും കുട്ടികളും യുവജനങ്ങളും പിതൃവേദി അംഗങ്ങളും പങ്കെടുത്തു.

വൈകിട്ട് 5 മണിക്ക് കുറത്തികാട് സെന്റ് ജോൺസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ എത്തിച്ചേർന്ന പ്രദക്ഷിണത്തിൽ ഭദ്രാസന പ്രസിഡന്റ് ശ്രീമതി അന്ന പൊന്നച്ചൻ നന്ദി പറഞ്ഞു. മോൺ. ജോബ് കല്ലുവിളയിലിന്റെ സമാപന ആശീർവാദത്തോടെ ജപമാല റാലി സമാപിച്ചു.

കെസിബിസി വിമൻസ് കമ്മീഷൻ

(LUMINA 2K26)
Learning to Lead - Leadership Training

കെ.സി.ബി.സി വിമൻസ് കമ്മീഷന്റെ നേതൃത്വത്തിൽ ഒക്ടോബർ 20, 21 (ചൊവ്വ, ബുധൻ) ദിവസങ്ങളിൽ പാലാരിവട്ടം പി.ഒ.സി. യിൽ വെച്ച് ദിവ്യകാരുണ്യ ആരാധനയോടുകൂടി ലൂമിന 2k26 സംസ്ഥാന തല നേതൃത്വ സംഗമം നടത്തുകയുണ്ടായി. ഈ സംഗമത്തിൽ പാലക്കാട് രൂപതാധ്യക്ഷനും, കെ.സി.ബി.സി വിമൻസ് കമ്മീഷൻ ചെയർമാനുമായ അഭിവന്ദ്യ ഡോ.പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവ് അധ്യക്ഷത വഹിച്ചു. വിവിധ രൂപതകളിൽ നിന്നും ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് ഈ സംഗമത്തിൽ സന്നിഹിതരായിരുന്നു. മാവേലിക്കര ഭദ്രാസനത്തിൽ നിന്നും എംസിഎംഎഫ് സെക്രട്ടറി സുനിമോൾ ബെന്നി ഈ സംഗമത്തിൽ പങ്കെടുക്കുകയും ഭദ്രാസന റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

മരിയൻ കലോത്സവം 2026

കലാ മത്സരങ്ങൾ

ജില്ലാതല മത്സരങ്ങൾ : നവംബർ 1 - നും ഡിസംബർ 6-നും ഇടയിൽ 6 വൈദിക ജില്ലകളിലും പൂർത്തിയാക്കേണ്ടതാണ്.

ഭദ്രാസനതല മത്സരം :
2026 ഡിസംബർ 12 (ശനി)
രജിസ്ട്രേഷൻ ഫീസ് : 2,500

മത്സര ഇനങ്ങളും സമയപരിധിയും :
ലളിതഗാനം : 5 മിനിറ്റ്
ബൈബിൾ വായന : 3 മിനിറ്റ്
പ്രസംഗം : 5 മിനിറ്റ്

വിഷയം :
1. പൊതുവായ നീതി ദർശനത്തെ അതിശയിപ്പിക്കുന്ന ക്രൈസ്തവ നീതി ദർശനം
2. അമ്മ....ഉപവിയുടേയും നീതിയുടെയും കാവലാൾ
3. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഉപവി നീതി ദർശനങ്ങൾ
ക്രിസ്തീയ സമൂഹഗാനം : 7 മിനിറ്റ്

ആരാധനാഗീതം: 7 മിനിറ്റ്

4. മരിയൻ കലോത്സവ പൊതുനിർദ്ദേശങ്ങൾ :
പങ്കാളിത്തം : സംഘടനാ ചുമതലയുള്ള ഭദ്രാസന – ജില്ലാ ഭാരവാഹികൾ മത്സരങ്ങളിൽ പങ്കെടുക്കാൻ പാടുള്ളതല്ല.
ഗ്രൂപ്പ് ഇനങ്ങൾ : ഒരു ഗ്രൂപ്പിൽ 5 മുതൽ 7 പേർ വരെ പങ്കെടുക്കാം.

സമൂഹഗാനം (7 മിനിറ്റ്) : ക്രിസ്തീയ ഭക്തിഗാനങ്ങൾ മാത്രം.

ആരാധനാഗീതം (7 മിനിറ്റ്)

ഭദ്രാസനത്തിൽ നിന്ന് നൽകിയിട്ടുള്ള സ്ലീബാ ഗാനങ്ങൾ മാത്രം ഉപയോഗിക്കുക.

പ്രസംഗം (5 മിനിറ്റ്) : നൽകിയിരിക്കുന്ന വിഷയങ്ങളിൽ ഒന്ന് പ്രസംഗത്തിന് 5 മിനിറ്റ് മുൻപ് നൽകുന്നതാണ്.

ബൈബിൾ വായന (3 മിനിറ്റ്) : ബൈബിൾ പുസ്തകത്തിന്റെ പേര്, അധ്യായം, വാക്യം എന്നിവ വ്യക്തമായി പറഞ്ഞ ശേഷമായിരിക്കണം വായന തുടങ്ങേണ്ടത്. വായനയ്ക്ക് ശേഷം 'ദൈവമേ സ്തുതി നിനക്ക് യോഗ്യമാകുന്നു, ബാറെക്മോർ' എന്ന് പറഞ്ഞ് അവസാനിപ്പിക്കണം.

ലളിതഗാനം (5 മിനിറ്റ്) : ക്രിസ്തീയ ഭക്തിഗാനങ്ങൾ മാത്രം. ക്ലാസിക്കൽ ഗാനങ്ങൾ ഒഴിവാക്കേണ്ടതാണ്.

പരാതികൾ പരിഹരിക്കൽ : മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട പരാതികൾ ഉണ്ടെങ്കിൽ ഫലപ്രഖ്യാപനം വന്ന് 30 മിനിറ്റിനകം ജില്ലാ ഡയറക്ടറുടെ സാക്ഷ്യപത്രത്തോടും 2,000 രൂപ ഫീസിനോടും കൂടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

വിവാഹ ഒരുക്ക സെമിനാർ

നവംബർ 20 21 (വെള്ളി, ശനി) ദിവസങ്ങളിൽ പഴകുളം പാസിൽ വച്ച് നടത്തപ്പെടുന്നു.

രചനാ മത്സരങ്ങൾ

തീയതി & സമയം : 2026 നവംബർ 8, ഞായർ ഉച്ചയ്ക്ക് 2:00 PM

വേദി : അതാത് വൈദിക ജില്ലാ കേന്ദ്രങ്ങൾ

(വിഷയം മത്സരസമയത്ത് നൽകുന്നതാണ്)

മത്സര ഇനങ്ങൾ (സമയപരിധി : 60 മിനിറ്റ്)

കഥാരചന
കവിതാരചന
ചിത്രരചന (വാട്ടർ കളർ)

പ്രത്യേക നിർദ്ദേശങ്ങൾ:

ഭദ്രാസന/ജില്ലാ ഭാരവാഹികൾ അതാത് ജില്ലകളിൽ ഇൻവിജിലേറ്റർമാരായി പ്രവർത്തിക്കണം

ജില്ലകളിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ച വിജയികളുടെ ലിസ്റ്റ് (എഴുതിയ പേപ്പർ ഉൾപ്പടെ) നവംബർ 20-ന് മുൻപായി ഭദ്രാസന ഡയറക്ടറെ ഏൽപ്പിക്കേണ്ടതാണ്.

ബൈബിൾ അപ്പോസ്റ്റോലേറ്റ്

ലോഗോസ് ക്വിസ് 2026

ബഹുമാനപ്പെട്ട അച്ചാ, സിസ്റ്റർ, സൺഡേസ്കൂൾ. പ്രഥമ അധ്യപക ലോഗോസ് ക്വിസ് കോഡിനേറ്റർ,

ബൈബിൾ പ്രേഷിത കാര്യാലയത്തിൽ നിന്നും സ്നേഹാശംസകൾ

2026 ലോഗോസ് ക്വിസ് പരീക്ഷ സെപ്റ്റംബർ 27 ഞായറഴ്ച അതാത് ഇടവകളിൽ വെച്ച് വളരെ ഭംഗിയായി നടത്തപ്പെട്ടു. ഇതിനു പൂർണമായ പിന്തുണയും പ്രോത്സാഹനവും നൽകിയ ബഹു: വികാരി അച്ചൻ,സിസ്റ്റർ, സൺഡേസ്കൂൾ അദ്ധ്യാപകർ, പ്രഥമ അധ്യപക ലോഗോസ് ക്വിസ് കോഡിനേറ്റർ, മാതാപിതാക്കൾ എല്ലാവരോടുമുള്ള ഹൃദ്യമായ നന്ദിയും സ്നേഹവും അറിയിക്കുന്നു.

2026 ലോഗോസ് ക്വിസ് പരീക്ഷയിൽ രൂപതയിൽ 88 പള്ളികൾ പങ്കെടുത്തതിൽ മാവേലിക്കര വൈദീക ജില്ലയിലെ എല്ലാ പള്ളികളും ഉൾപ്പെടുന്നു.

2026 ലോഗോസ് ക്വിസ് പരീക്ഷയുടെ ഇടവകതല റിസൾട്ട് വികാരിയച്ചന്മാർക്ക് ആയിച്ചിട്ടുണ്ട്.

വിജയികൾക്ക് അഭിനന്ദനങ്ങൾ

2. രൂപതാ ഗ്രൂപ്പ് തലത്തിൽ ആദ്യ മൂന്നു റാങ്കുകൾ കരസ്ഥമാക്കിയവരുടെ റിസൾട്ട് ഇതിനോടൊപ്പം ചേർക്കുന്നു.

LOGOS QUIZ – 2026 (RESULTS)
DIOCESE TOPPERS
Eparchy of Mavelikara

Sl. No.	Name	Category	Center	Eccl. District	Marks
CATEGORY A					
1.	Erline Binny Issac	A	Edappon	Mavelikara	91
2.	Abin Johnson	A	Kadampanadu	Kadampanadu	90
3.	Angel Joy	A	Kadampanadu	Kadampanadu	89
CATEGORY B					
1.	Angel Mary Sunil	B	Karuvelil	Puthoor	90
2.	Joanna Mariam Sabu	B	Karimthottuva	Kadampanadu	89
3	Ameya Shaji	B	Anthichira	Kadampanadu	88

CATEGORY C					
1.	Anija Aji	C	Nallila	Kollam	94
2.	Jincy Maria Joyson John	C	Puliyila	Kollam	92
3.	Shelin Saji	C	Karthikapally	Mavelikara	90
CATEGORY D					
1.	Alby Alphonse Baby	D	Vettiyar	Mavelikara	96
2.	Beenamol Binoj	D	Kaithakodu	Puthoor	95
3.	Ommana Johnson	D	Kudassanad	Kattanam	94
CATEGORY E					
1.	Jessy M Chacko	E	Edappon	Mavelikara	97
2.	Annamma John	E	Kattanam	Kattanam	95
3.	Sheeja Aji	E	Nallila	Kollam	94
CATEGORY F					
1.	Gracy Jose	F	Kattanam	Kattanam	99
2.	Aleyamma M Alex	F	Kattanam	Kattanam	98.5
3.	Mariyamma Samuel	F	Kattanam	Kattanam	97

3 രൂപതാ ഗ്രൂപ്പ് തലത്തിൽ 90% മുകളിൽ കരസ്ഥമാക്കിയവരുടെ റിസൾട്ട് ഇതിനോടൊപ്പം ചേർക്കുന്നു.

LOGOS QUIZ – 2026 (RESULTS)

Toppers (> = 90)

Eparchy of Mavelikara

Sl. No.	Name	Category	Center	Eccl. District	Marks
CATEGORY A					
1.	Erline Binny Issac	A	Edappon	Mavelikara	91
2.	Abin Johnson	A	Kadampanadu	Kadampanadu	90

CATEGORY B					
1.	Angel Mary Sunil	B	Karuvelil	Puthoor	90
CATEGORY C					
1.	Anija Aji	C	Nallila	Kollam	94
2.	Jincy Maria Joyson John	C	Puliyila	Kollam	92
3.	Shelin Saji	C	Karthikapally	Mavelikara	90
CATEGORY D					
1.	Alby Alphonse Baby	D	Vettiyar	Mavelikara	96
2.	Beenamol Binoj	D	Kaithakodu	Puthoor	95
3.	Ommana Johnson	D	Kudassanad	Kattanam	94
4.	Silu Shince	D	Ala	Chengannur	93
5.	Baiju Biju	D	Chennithala	Chengannur	93
6.	Libu Varghese	D	Elanjimel	Chengannur	93
7.	Nishanth	D	Panayil	Kattanam	93
8.	Ancy Binu	D	Sooranadu South	Kadampanadu	93
9.	Sheeba Manoj	D	Nediyavila	Kadampanadu	93
10.	Merin John	D	Mynagapally	Kadampanadu	91
11.	Amitha Saji	D	Karickal	Puthoor	90
CATEGORY E					
1.	Jessy M Chacko	E	Edappon	Mavelikara	97
2.	Annamma John	E	Kattanam	Kattanam	95
3.	Sheeja Aji	E	Nallila	Kollam	94
4.	Lovely Biju	E	Elanjimel	Chengannur	93
5.	Lissy George	E	Chathanoor	Kollam	93
6.	Sathamma Ninan	E	Edanad	Kollam	93
7.	Valsa Varghese	E	Venmony	Chengannur	91
8.	Preethi Elizabeh Varghese	E	Kayamkulam	Kattanam	91
9.	Salamma Wilson	E	Kottara	Kollam	90
10.	Jessy Shaji	E	Karimthottuva	Kadampanadu	90

11.	Saramma G	E	Maruthoor	Puthoor	90
12.	Jessy Reji	E	Ala	Chengannur	90
13.	Alice George	E	Pazhakulam	Kattanam	90
CATEGORY F					
1.	Gracy Jose	F	Kattanam	Kattanam	99
2.	Aleyamma M Alex	F	Kattanam	Kattanam	98.5
3.	Mariyamma Samuel	F	Kattanam	Kattanam	97
4.	Susheelamma Lukose	F	Ambalathumkala	Puthoor	95
5.	Sicily James	F	Kadampanadu	Kadampanadu	94
6.	S.Y Alexander	F	Ambalathumkala	Puthoor	92
7.	Theresamma Lukose	F	Perumbuzha	Kollam	92
8.	Gracy John	F	Nallila	Kollam	90
9.	Mariamma T John	F	Punnamoodu	Mavelikara	90

സംസ്ഥാനതല ലോഗോസ് ക്വിസ്

നവംബർ മാസം 8ആം തീയതി സംസ്ഥാന തല ലോഗോസ് ക്വിസ് കൊല്ലം ജ്യോതി നികേതൻ വിമൻസ് കോളേജിൽ ഉച്ച കഴിഞ്ഞ് 2:00 മുതൽ 3 മണി വരെ നടത്തപെടുന്നു. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ ഈ പരിക്ഷ എഴുതുവാനായി 1: 30 നു കോളേജിൽ റിപ്പോർട്ട് ചെയ്യണം.

ഫാമിലി ലോഗോസ് ക്വിസ്

രൂപതയിൽനിന്ന് പൂഴിക്കാട് ഇടവകയിൽ കൈതവന കുടുംബത്തിൽ നിന്നും പൊന്നമ്മ, ജിജു ടി വർഗീസ്, ജിനു ജിജു, എന്നിവർ സംസ്ഥാന തല ഫാമിലി ലോഗോസ് ക്വിസിലേക്ക് യോഗ്യത നേടി.

പൊതുവാർത്തകൾ

ജിഎസ്എൽവി–എഫ്17 /**EOS-05;** ഭൂമിയെ നോക്കുന്ന പുതിയ കണ്ണ്

ജിഎസ്എൽവി–എഫ്17/EOS-05 അത്തരമൊരു ഭൗമനിരീക്ഷണ ഉപ ഗ്രഹമാണ്. ഏകദേശം 2,367 കിലോഗ്രാം ഭാരമുള്ള ഈ ഉപഗ്രഹം ഉയർന്ന നിലവാരത്തിലുള്ള ചിത്രങ്ങൾ ലഭ്യമാക്കുന്നതിനായി രൂപ കൽപ്പന ചെയ്തതാണ്. ഭൂമിയുടെ ഉപരിതലത്തിലെ മാറ്റങ്ങൾ, കാലാ വസ്ഥ, കൃഷിയിടങ്ങൾ, പ്രകൃതി ദുരന്തങ്ങളുടെ മുന്നറിയിപ്പിനും ആഘാത പഠനത്തിനും ഉതകുന്ന കാര്യങ്ങൾ, തുടങ്ങിയവയെക്കു റിച്ചുള്ള വിലപ്പെട്ട വിവരങ്ങൾ ഇത്തരം ഉപഗ്രഹങ്ങളിലൂടെ ലഭിക്കുന്നു.ഇന്ത്യയുടെ ഭൂസ്ഥിരഭ്രമണപഥത്തിൽ നിന്നുള്ള ആദ്യ ഇമേജിങ് ഉപഗ്രഹം എന്ന പ്രത്യേകതയും EOS-05നുണ്ട്.

നിർമ്മാണംമുതൽ കൂട്ടിച്ചേർക്കൽ വരെയുള്ള ഓരോ ഘട്ടത്തിലും പ്രവർത്തനങ്ങൾ നടത്തുന്ന പ്രത്യേക സംഘങ്ങളുണ്ട്. ഉപയോ ഗിക്കുന്ന വസ്തുക്കളുടെ ഗുണം പരിശോധിക്കുന്നവർ, നിർമ്മിച്ച ഭാഗങ്ങളുടെ അളവുകളും കൃത്യതയും പരിശോധിക്കുന്നവർ, പരീക്ഷണഫലങ്ങൾ വിലയിരുത്തുന്നവർ, ഓരോ പ്രവർത്തനവും നിശ്ചയിച്ച മാനദണ്ഡങ്ങൾക്കനുസരിച്ചാണോ നടക്കുന്നതെന്ന് ഉറപ്പാക്കുന്നവർ തുടങ്ങി വലിയൊരു മനുഷ്യശൃംഖലയാണ് ഒരു റോക്കറ്റിന് പിന്നിൽ പ്രവർത്തിക്കുന്നത്.

അങ്ങനെ നോക്കുമ്പോൾ, വിക്ഷേപണത്തറയിൽ നാം കാണുന്ന GSLV എന്നത് ഒരു റോക്കറ്റ് മാത്രമല്ല. രൂപകൽപ്പന ചെയ്തവരുടെയും നിർമ്മിച്ചവരുടെയും പരീക്ഷിച്ചവരുടെയും പരിശോധിച്ചവരുടെയും ഗുണനിലവാരം ഉറപ്പാക്കിയവരുടെയും ഒടുവിൽ അതിനെ വിക്ഷേപ ണത്തിന് തയ്യാറാക്കിയവരുടെയും കൂട്ടായ അധ്വാനത്തിന്റെ ഫലമാണ്.

എന്നാൽ ആ വലിയ സംഘത്തെ ഒരേ ലക്ഷ്യത്തിലേക്ക് നയിക്കാൻ മുന്നിൽ ഒരാൾ ഉണ്ടാകും. GSLV-F17 ദൗത്യത്തിൽ ആ ഉത്തരവാദിത്വം വഹിച്ചത് മിഷൻ ഡയറക്ടർ തോമസ് കുര്യൻ ആയിരുന്നു. വിക്ഷേപണത്തിന് മുമ്പുള്ള തയ്യാറെടുപ്പുകൾ മുതൽ അവസാന നിമിഷത്തെ തീരുമാനങ്ങൾ വരെ ദൗത്യത്തിന്റെ ഓരോ ഘട്ടത്തിലും വിവിധ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ട വലിയ ഉത്തരവാദിത്വമായിരുന്നു അത്. വിക്ഷേപണം വിജയകരമായി പൂർത്തിയായപ്പോൾ, അത് തോമസ് കുര്യനും അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച വലിയ സംഘത്തിനും ഏറെ അഭിമാനവും സന്തോഷവും നൽകിയ നിമിഷമായി.

2026 സെപ്റ്റംബർ 4ന് പുലർച്ചെ 2.55ന് ശ്രീഹരിക്കോട്ടയിൽ നിന്ന് ഉയർന്ന ആ തീനാളം, ഒരു റോക്കറ്റിന്റെ പ്രകാശം മാത്രമായിരുന്നില്ല. അനേകം മനുഷ്യരുടെ അറിവും അധ്വാനവും പ്രതീക്ഷയും ചേർന്ന് ഇന്ത്യയുടെ ബഹിരാകാശ സ്വപ്നങ്ങൾക്ക് മുന്നോട്ടുള്ള വഴിയിൽ തെളിച്ച മറ്റൊരു പ്രകാശമായിരുന്നു അത്.

പുന്നമ്മൂട് സെൻറ് മേരീസ് മലങ്കര സുറിയാനി കത്തോലിക്ക കത്തീഡ്രൽ ദൈവാലയത്തിലെ പീസ് വില്ല കുടുംബത്തിൽ പരേതരായ വി. എം. കുര്യൻ, റേച്ചൽ കുര്യൻ ദമ്പതികളുടെ മകനാണ് തോമസ് കുര്യൻ. ഭാര്യ, ഡോക്ടർ സൂസി ജോസഫ്. മക്കൾ, ഡോക്ടർ ഷേബ ആൻ തോമസ് (മെഡിക്കൽ പി.ജി. വിദ്യാർത്ഥിനി), ജോർജ് കുര്യൻ തോമസ് (സോഫ്റ്റ്വെയർ എൻജിനീയർ, ടെക്നോപാർക്ക്, തിരുവനന്തപുരം). ഷേർലി കുര്യൻ സഹോദരിയാണ്.

ശ്രീ.തോമസ് കുര്യനും സഹ പ്രവർത്തകർക്കും മാവേലിക്കര ഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ...

2026 നവംബർ, പരിശുദ്ധ പിതാവിന്റെ പ്രാർത്ഥനാ നിയോഗം

സ്വാർത്ഥതയുടെ പ്രലോഭനത്തിന് വഴങ്ങാതെ, അത് എപ്പോഴും പൊതുനന്മയ്ക്കും കുറവുള്ളരുടെ ഐക്യദാർഢ്യത്തിനുമായി വിനിയോഗിക്കപ്പെടുന്നതിനായി, ധനത്തിന്റെ ശരിയായ ഉപയോഗത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

സ്മരണീയ ദിനങ്ങൾ

നവംബർ

1 (ഞായർ) : **കൂദോശ് ഈത്തൊ ഞായർ (സഭയുടെ വിശുദ്ധീകരണം), ആരാധനക്രമ വത്സരാരംഭം, സകല വിശുദ്ധരുടെയും ഓർമ്മ.**

3 (ചൊവ്വ) : **അഭിവന്ദ്യ പൗലോസ് മാർ പീലക്സീനോസ് തിരുമേനിയുടെ ഓർമ്മ (1998), നിഖ്യായിലെ 318 പിതാക്കന്മാർ.**

7 (ശനി) : **മിലിത്തീനീയിലെ 33 സഹദന്മാർ.**

8 (ഞായർ) : **ഹുദോസ് ഈത്തൊ ഞായർ (സഭയുടെ നവീകരണം), സകല മാലാഖമാർ.**

9 (തിങ്കൾ) : **വി. തിയഡോർ**

10 (ചൊവ്വ) : **സാമുവൽ നിബിയാ, വി. ലിയോ മാർപാപ്പ**

12 (വ്യാഴം) : **അലക്സാൺഡ്രിയായിലെ മാർ യോഹന്നാൻ**

13 (വെള്ളി) : **സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ്, അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെ നാമഹേതുക തിരുനാൾ**

14 (ശനി) : **മാർ ഫീലിപ്പോസ് ശ്ലീഹാ**

15 (ഞായർ) : **സ്കറിയായോടുള്ള അറിയിപ്പ്, വി. ആൽബർട്ട്**

16 (തിങ്കൾ) : **മാർ മത്തായി ശ്ലീഹാ**

21 (ശനി) : **വി. ദൈവമാതാവിന്റെ ദൈവാലയ പ്രവേശനം**

22 (ഞായർ) : **വി. ദൈവമാതാവിനോടുള്ള അറിയിപ്പ്, മാർ ഫിലെമോൻ, വി. സിസിലിയാ, ക്രിസ്തുരാജത്വ തിരുന്നാൾ (ലത്തീൻ ക്രമം), അഭിവന്ദ്യരായ കുര്യാക്കോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെയും യൂഹാനോൻ മാർ അലക്സിയോസ് തിരുമേനിയുടെയും മെത്രാഭിഷേക വാർഷികം (2025).**

23 (തിങ്കൾ) : **വി. ക്ലെമന്റ് മാർപാപ്പ, വി. ഫെലിസിറ്റ, സെന്റ് എഫ്രേം കഡ്കി ഭദ്രാസനത്തിന്റെ സ്ഥാപനം (2019).**

28 (ശനി) : **വി. കത്രീന.**

29 (ഞായർ) : **വി. ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു, സാറൂഗിലെ മാർ യാക്കോബ്**

30 (തിങ്കൾ) : **മാർ അന്ത്രയോസ് ശ്ലീഹാ.**

LET US REMEMBER,
Congratulate and Pray...

NOVEMBER

BIRTHDAY

Most Rev. Dr Mathews Mar Polycarpos	-	November 10
Fr. Kuriakose Thiruvalil	-	November 16
Fr. Nijo Kollentethekkethil	-	November 24
Fr. John Ayanuvelil	-	November 27
Fr John Kaduvinkal	-	November 27

FEAST DAY

Fr. Jerin Thundil	-	November 1
Fr. Zachariah Puthenpurayil	-	November 5
Fr. Samuel Vettukuzhiyil	-	November 10
Fr. Samuel Paickattethu	-	November 10
Fr. Samuel Pazhavoorpadickal	-	November 10
Fr. Philip Chempakasseril	-	November 14
Fr. Philip Edayanavila	-	November 14
Fr. Mathews Kuzhivila	-	November 16
Fr. Mathew Chenkilath	-	November 16
Fr. Mathew Valiyaparambil	-	November 16
Fr. Mathew Kamechemparampil	-	November 16
Fr. Dianesius Lourdhbhavan	-	November 17

PROGRAMME DIARY OF
HIS EXCELLENCY
JOSHUA MAR IGNATHIOS

2026 NOVEMBER

DATE	VENUE/ FUNCTION	TIME
01-03	Canada	
07	Anchal	03.00 PM
08	Karthikapally	04.00 PM
09	UCPI/ Online meeting Nellimood	03.00 PM 06.00 PM
10-12	Chennai	
13	Thrikkakara	09.00 AM
14-15	Mumbai	
16	Chennai	
17-19	UCPI/ Guwahatti	
21	Vilangara	10.00 AM
22	Nadakkav	09.00 AM
23	Kalady	01.00 PM
25	Mulamthuruthy	03.00 PM
26	UCPI/ Online Meet	03.00 PM
28	Ernakulam	10.00 AM
29	Mavelikara	03. 00 PM
30	Tiruvalla	06.00 PM